MWS.5

***തിരുവനന്തപുരം വിദ്യാഭ്യാസജില്ല***

***മലയാളം വർക്ക് ഷീറ്റ്***

***കേരളപാഠാവലി        ക്ലാസ്സ് 10***

# പദക്കളം

**മഞ്ഞപ്പൂവ്**
**തിരുവാതിര**
**തണുപ്പുണ്ട്**
**നെന്മണി**

**വാഴക്കൂട്ടം**
**തിരുവോണം**
**പറഞ്ഞില്ല**
**കന്മദം**

**കാപ്പിത്തോട്ടം**
**തിരയുള്ള**
**നിന്നില്ല**
**കണ്ണീർ**

**പാറക്കല്ല്**
**വാഴയില**
**വീടില്ല**
**വെണ്ണീർ**

❖ **പദക്കളത്തിലെ വാക്കുകളുച്ചരിച്ചു നോക്കൂ, അതിൽ നിന്നും ഒരുപോലെ പദ ച്ചേർച്ചയുള്ള വാക്കുകൾ 4 ചതുരങ്ങളിലെടുത്തെഴുതൂ . ഒരു ചതുരത്തിൽ 4 വാക്കുകൾ വരണം**

| 1 | 2 | 3 | 4 |
|---|---|---|---|
| 1 | 1 | 1 | 1 |
| 2 | 2 | 2 | 2 |
| 3 | 3 | 3 | 3 |
| 4 | 4 | 4 | 4 |

വാക്കുകൾ കണ്ടെത്താൻ വിഷമമുണ്ടായോ? ഇനി ഒരേ നിറത്തിലുള്ള വാക്കുകളെ ഓരോ ചതുരത്തിലാക്കൂ

| | | | |
|---|---|---|---|
| മഞ്ഞപ്പൂവ് | തിരുവോണം | തിരയുള്ള | വീടില്ല |
| തിരുവാതിര | പറഞ്ഞില്ല | കാപ്പിത്തോട്ടം | വാഴയില |
| തണുപ്പുണ്ട് | വാഴക്കൂട്ടം | നിന്നില്ല | വെണ്ണീർ |
| നെന്മണി | കന്മദം | കണ്ണീർ | പാറക്കല്ല് |

| പച്ച | ചുവപ്പ് | നീല | കറുപ്പ് |
|---|---|---|---|
| 1 | 1 | 1 | 1 |
| 2 | 2 | 2 | 2 |
| 3 | 3 | 3 | 3 |
| 4 | 4 | 4 | 4 |

➢ ആദ്യം തിരഞ്ഞെടുത്തതും നിറം നോക്കി എഴുതിയതും ഒന്നു തന്നെയാണോ? ഇല്ലെങ്കിൽ വേണ്ട മാറ്റം വരുത്തൂ

♦ ഉച്ചാരണവും നിറവും നോക്കി തിരഞ്ഞെടുത്ത വാക്കുകളുടെ സവിശേഷത എന്താണ്? വാക്കുകളുടെ പ്രത്യേകത അറിയാൻ താഴെക്കാണുന്ന മാതൃക നോക്കി പൂരിപ്പിക്കൂ

| പച്ച | ചുവപ്പ് | നീല | കറുപ്പ് |
|---|---|---|---|
| 1. മഞ്ഞ +പൂവ് | 1.തിരു + ആതിര | 1.തണുപ്പ് + ഉണ്ട് | 1.നെല് + മണി |
| 2 | 2 | 2 | 2 |
| 3 | 3 | 3 | 3 |
| 4 | 4 | 4 | 4 |

➢ സൂചകങ്ങൾ

1.മഞ്ഞ + പൂവ് = മഞ്ഞപ്പൂവ് ( പ ഇരട്ടിച്ച് പ്പ ആയി)

2.തിരു + ആതിര = തിരുവാതിര (ഇവിടെ വ എന്ന അക്ഷരം പുതുതായി വന്നു)

3.തണുപ്പ് + ഉണ്ട്= തണുപ്പുണ്ട് (തണുപ്പ് എന്ന പദത്തിലെ ചന്ദ്രക്കല ഇല്ലാതായി)

4.നെല് + മണി= നെന്മണി (ല് പോയി ന് വന്നു)

രണ്ടു *വർണ്ണങ്ങൾ തമ്മിൽ ചേരുമ്പോൾ വർണ്ണങ്ങൾക്കുണ്ടാകുന്ന മാറ്റമാണ് സന്ധി*

സന്ധി 4 വിധം

രണ്ടു വർണ്ണങ്ങൾ തമ്മിൽ ചേരുമ്പോൾ ഒരു വർണ്ണം ഇരട്ടിച്ചാൽ ദ്വിത്വ സന്ധി

ഉദാ- മഞ്ഞ + പൂവ് = മഞ്ഞപ്പൂവ്

രണ്ടു വർണ്ണങ്ങൾ തമ്മിൽ ചേരുമ്പോൾ ഒരുവർണ്ണം കുറഞ്ഞാൽ ലോപസന്ധി

ഉദാ- തണുപ്പ് + ഉണ്ട്= തണുപ്പുണ്ട്

രണ്ടു വർണ്ണങ്ങൾ തമ്മിൽ ചേരുമ്പോൾ ഒരു വർണ്ണം പുതുതായി വന്നാൽ ആഗമസന്ധി

ഉദാ- തിരു + ആതിര = തിരുവാതിര

രണ്ടു വർണ്ണങ്ങൾ തമ്മിൽ ചേരുമ്പോൾ ഒരു വർണ്ണം പോയി മറ്റൊരു വർണ്ണം വന്നാൽ ആദേശ സന്ധി

ഉദാ- നെല് + മണി= നെന്മണി

- ***താഴെക്കൊടുത്തിരിക്കുന്ന വാക്കുകളുടെ സവിശേഷത കണ്ടെത്തി എഴുതൂ***

എന്നെക്കുറിച്ച്

തുള്ളിയായി

മെലിവേറ്റം

വഴിയമ്പലം

വേണമിവനെ

ശക്തിയായി

എങ്ങനെയാണ്

രണ്ടഭിപ്രായം

ബാലനെക്കണ്ടിട്ട്

ഏഴെണ്ണം

മറ്റാർക്കും

ഏതെന്ന്

ദൃശ്യമായ

വിടരുമൊരു

കൂടിപ്പോകുന്നു

മോഹമകന്നു

വിടരുമൊരു

നിർണ്ണയമെങ്കിലും

ചതുരയടി

വളരെക്കാലം

❖ നിങ്ങൾ ചെയ്യേണ്ടത്

- ✓ വാക്കുകൾ പിരിച്ചെഴുതുക
- ✓ എന്താണ് മാറ്റമെന്ന് കണ്ടെത്തൂ
- ✓ സന്ധിയുടെ പേരെഴുതൂ

MWS.6

തിരുവനന്തപുരം വിദ്യാഭ്യാസജില്ല

മലയാളം വർക്ക് ഷീറ്റ്

കേരളപാഠാവലി ക്ലാസ്സ് 10

❖ താഴെക്കൊടുത്തിട്ടുള്ള ചമൽക്കാരഭംഗിയുള്ള വരികൾ പരിശോധിച്ച് പട്ടികപൂർത്തിയാക്കുക

ചമൽക്കാര ഭംഗി

വായനക്കാരുടെ ഹൃദയത്തിന് ആഹ്ലാദം ജനിപ്പിക്കുന്ന കവിതയുടെ ധർമ്മമാണ് ചമൽക്കാരം

**ഒന്നിനെ മറ്റൊന്നിനോടു സാദൃശ്യപ്പെടുത്തുന്നതാണ് ഉപമ**

✓ ഉദാ- നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയുമെത്രയും
ചഞ്ചലമാലയ സംഗമം

ഉപമേയം -ആലയത്തിലെ സംഗമം

ഉപമാനം - നദിയിൽ ഒഴുകുന്ന തടിക്കഷണം

ഉപമാവാചകം - പോലെ (കാഷ്ഠങ്ങൾ പോലെ)

ഏത് വസ്തുവിനെ വർണ്ണിക്കുന്നുവോ അത് ഉപമേയം

വർണ്ണിക്കുന്ന വസ്തുവിനെ ഏതിനോട് തുല്യപ്പെടുത്തുന്നുവോ അത് ഉപമാനം

ഉപമേയത്തിനും ഉപമാനത്തിനും തമ്മിലുള്ള സാദൃശ്യത്തെക്കുറിക്കുന്ന പദമാണ് ഉപമാവാചകം

✓ (1) വഹ്നിസന്തപ്ത ലോഹസ്ഥാംബു ബിന്ദുനാ
സന്നിഭം

✓ (2) രാഗാദി സങ്കുലമായുള്ള സംസാരമാകെ
നിരൂപിക്കിൽ സ്വപ്നതുല്യം സഖേ

✓ (3)തെറികാട്ടിയാശ്രമ വിരുദ്ധ വൃത്തി നീ
ചെറുപാമ്പു ചന്ദനമരത്തിനെന്ന പോൽ

✓ (4)കളിക്കോപ്പേൽക്കാനായ് കുതുകമൊടു നീട്ടീടിന കരം
വിളക്കിച്ചേർത്തോണം വിരൽനിര ഞെരുങ്ങിത്തൊടുകയാൽ
വിളങ്ങുന്നു രാഗം ഭൃശമെഴുമുഷസ്സിൽദ്ദലകുലം
തെളിഞ്ഞീടാതൊന്നായ് വിടരുമൊരു തണ്ടാർമലരുപോൽ

**പട്ടിക പൂർത്തിയാക്കുക**

| | ഉപമേയം | ഉപമാനം | ഉപമാവാചകം |
|---|---|---|---|
| 1 | ഭൂമിയിലെ അസ്ഥിര ജീവിതം | | |
| 2 | | സ്വപ്നം | |
| 3 | | ചന്ദനമരത്തിലെ ചെറു പാമ്പ് | പോൽ |
| 4 | വിരലുകൾ ഞെരുങ്ങിയിരിക്കുന്ന ചുവന്ന കയ്യ് | | |

Prepared by Team Malayalam, Thiruvanathapuram Educational District

TVM EDL DIST